മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഈ മകരമാസത്തിനു് മുമ്പു് എങ്ങിനെയാണു് വില്പനനടത്തിയിരുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പലകച്ചവടക്കാക്കും അവിടെവെച്ചുതന്നെ വിലപറഞ്ഞുകൊടുക്കുകയാണു് ചെയ്തിരുന്നതു് എന്നാണു് അറിയുന്നതു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: അങ്ങിനെ ആക്കെല്ലാം കൊടുത്തിട്ടുണ്ടു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പലക്കും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ലേലത്തിനു് കൊടുക്കുകയോ, അതോ വിലപറഞ്ഞുകൊടുക്കുയോ ചെയ്യുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ലേലത്തിനുവരുമ്പോഠം അങ്ങിനെയും കൊടുക്കും.

മിസ്റ്റർ പി. കെ. ഡിവർ: ഇപ്പോഠം ഇതു് ടെണ്ടർകൊടുത്തിരിക്കുന്നതു് എത്രകാലത്തേക്കാണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഒരുകൊല്ലത്തേക്കാണു് ടെണ്ടർ കൊടുത്തിരിക്കുന്നതു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഈ ഫാറത്തിലെ ഉദ്യോഗസ്ഥന്മക്കു് വില്പന നടത്തിയിട്ടുണ്ടെന്നു മേടം സെഷനു പറഞ്ഞിട്ടുണ്ടോ എന്ന ചോദ്യത്തിനു് "ഉവ്വു്" എന്നു മറുപടി പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ലെന്നാണു് തോന്നുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: ഉദ്ദേശം എത്ര നാളികേരം അവിടെനിന്നു് കിട്ടും?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉദ്ദേശം മുപ്പത്തിരണ്ടായിരം നാളികേരം കിട്ടുമെന്നാണു് തോന്നുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: അതു് കൺട്രോഠം വിലയ്ക്കു് കൊടുക്കുവാൻ സാധിക്കുമോ?

മിസ്റ്റർ സി ആർ. ഇയ്യുണ്ണി: അതു് എങ്ങിനെയാണു് കൊടുക്കേണ്ടതെന്നു് പറഞ്ഞാൽ തരക്കേടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഫാറത്തിലെ ഉദ്യോഗസ്ഥന്മാക്കു് അവിടെയുണ്ടാകുന്ന നാളികേരം വാങ്ങുവാൻ പാടില്ലെന്നു് വല്ല ഓർഡറും ഉണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഓർഡർ ഉണ്ടായിരിക്കാം. എന്നിരുന്നാലും അവരുടെ സ്വന്തം ആവശ്യത്തിന്നു് നാളികേരം വാങ്ങിക്കാതെ നിവൃത്തിയുണ്ടോ?

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഉദ്യോഗസ്ഥന്മാക്കു് കച്ചവടമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: നാളികേരത്തിനു് കൺട്രോഠം ചെയ്തയവസരത്തിലല്ലേ ടെണ്ടർ കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ. നൂറുക്കു് ഫ ഫ ക. യ്യണ. പ്രകാരമാണു് കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ പി. നാരായണമേനോൻ: ഇപ്പോഠം കൺട്രോഠം എടുത്തിരിക്കുന്ന നിലയ്ക്കു് വില കൂട്ടികൊടുക്കുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സാധിക്കും.

FINANCIAL AID TO REPAIR HOUSES IN THE DEPRESSED CLASS COLONIES

29. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) അധഃകൃതകോളനികളിലെ കേടുപാടുകൾ സംഭവിച്ചിട്ടുള്ള വീടുകൾ നന്നാക്കുന്നതിനു് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യയിൽനിന്നു എത്രപേർക്കു് ഇതുവരെ ധനസഹായം അനുവദിച്ചു കൊടുത്തിട്ടുണ്ടു്;

(ബി) കുറഞ്ഞതു് എത്രസംഖ്യ വീടൊന്നുക്കു് കൊടുത്തിട്ടുണ്ടു്;

(സി) അങ്ങിനെ എത്രവീടുകൾക്കു് കൊടുത്തിട്ടുണ്ടു്;

(ഡി) കൂടിയതു് എത്രസംഖ്യ വീടൊന്നുക്കു് കൊടുത്തിട്ടുണ്ടു്;

(ഇ) അപ്രകാരം എത്ര വീടുകൾക്കു് കൊടുത്തിട്ടുണ്ടു്,

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എന്ത ഉറപ്പിന്മേലാണ് സംഖ്യകൾ കൊടുത്തിട്ടുള്ളത്;

(ജി) ഉദ്ദേശിച്ചിട്ടുള്ള എല്ലാ വീടുകളും റിപ്പയർചെയ്യുന്നതിന്ന് ആകെ എത്ര സംഖ്യ വേണ്ടിവരും;

(എച്ച്) റിപ്പയർ ചെയ്യേണ്ടതായ എല്ലാ വീടുകളും ഇക്കൊല്ലം വൃശ്ചികത്തിന്ന് മുമ്പുതന്നെ നന്നാക്കേണ്ടതാണെന്ന് വല്ല നിവേദനവും ഗവണ്മെണ്ടിന്ന് ലഭിച്ചിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ഉ ം ര പേക്ക്.

(ബി) ന ം ക.

(സി) ഉ.

(ഡി) ഫ ം ം ക.

(ഇ) ന ഫ.

(എഫ്) സ്വന്തം ഉറപ്പിന്മേൽ

(ജി) ന ം, ം ം ം ക.

(എച്ച്) ഉവ്വ്.

മിസ്റ്റർ കെ. കെ. കണ്ണൻ: ആകെ എത്ര വീടുകളാണ് നന്നാക്കുവാനുള്ളത്?

റാവുസാഹിബ് കെ. അയ്യപ്പൻ: ഒട്ടാകെ ൭൦൦ വീടുകളോളം ആണ് നന്നാക്കുവാനുള്ളത്. അതിൽ പകുതിയോളം നന്നാക്കീട്ടുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇപ്പോഴും ഇതുവരെ എത്ര ഉറപ്പിക ചിലവാക്കീട്ടുണ്ട്?

റാവുസാഹിബ് കെ. അയ്യപ്പൻ: പതിനയ്യായിരം ഉറപ്പികയിലധികം ചിലവായിട്ടുണ്ടായിരിക്കണം.

മിസ്റ്റർ കെ. കെ. കണ്ണൻ: വരുന്നകൊല്ലത്തേയ്ക്ക് ഇത് കംപ്ലീറ്റാക്കുവാൻ സാധിക്കുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: സാധിക്കും.

LICENSED CLOTH DEALER AT KAIPARAMBA—ALLEGATION REGARDING

30. Mr. M. K. Raja *(Mulakunnathukavu)* : Will Government be pleased to state.—

(*a*) whether they have received a mass petition containing certain allegations about a licensed cloth dealer of Kaiparamba in Trichur Taluk;

(*b*) what action has been taken or is proposed to be taken on the petition ?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Yes.

(*b*) His license was cancelled on 13th May 1947.

Mr. M. K. Raja *(Mulakunnathukavu)*: Has this licensed cloth dealer subsequently represented to Government that his license may be restored ?

Mr. P. Govinda Menon *(Minister for Food and Education)*: Yes.

Mr. M. K. Raja *(Mulakunnathukavu)*: Do the Government intend to accede to it?

Mr. P. Govinda Menon *(Minister for Food and Education)*: That petition was also rejected.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ലൈസൻസ്സുപിടികിക്കാരൻ ആരാണെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു കുഞ്ഞുവറിയതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനുപകരം വേറെ ലൈസൻസ്സ് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഈ പൊറീഷൻ എന്നാണ് കിട്ടിട്ടുള്ളതെന്ന് പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്റെ കയ്യിൽ ഫ ം—ര—ര ലാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരാണ് അയാളെപ്പറ്റി ആക്ഷേപം ചെയ്തിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പലരുടേയും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. മിസ്സ് പൊറീഷനായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly